**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2289** **16-03-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ മാവേലി സ്റ്റോറുകളും സപ്ലൈകോ ഔട്ട് ലെറ്റുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ; | (എ) | കുണ്ടറ നിയോജക മണ്ഡലത്തിനു കീഴിൽ 6 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിൽ എത്ര സപ്ലൈകോ ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ; | (ബി) | കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ഉൾപ്പടെ 11 സപ്ലൈകോ ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | സപ്ലൈകോ ഔട്ട് ലെറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | അനുയോജ്യമായ കെട്ടിടം കണ്ടെത്തി പ്രവർത്തന നഷ്ടം പരമാവധി കുറച്ച് ജീവനക്കാരുടെ ലഭ്യതയും കൂടി ഉറപ്പ് വരുത്തിയാണ് പുതിയ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നത്. വിപണന സാധ്യത പരിശോധിച്ച് പ്രവർത്തനം നഷ്ടം പരമാവധി കുറയ്ക്കുന്നതിനുള്ള സാധ്യതയും കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യ പ്രദമായ കെട്ടിടങ്ങളിലാണ് സപ്ലൈകോ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. ഇതിലേയ്ക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടക രഹിത കെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതാതു സ്വയം ഭരണ സ്ഥാപനം ഒടുക്കേണ്ടതാണ്. രണ്ടാമതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് പ്രസ്തുത പഞ്ചായത്ത് ചുരുങ്ങിയത് 700 ചതുരശ്ര അടി കെട്ടിട സൗകര്യം 5 വർഷം വാടക രഹിതമായി കണ്ടെത്തി ലഭ്യമാക്കേണ്ടതും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപ അനുവദിക്കേണ്ടതുമാണ്. രണ്ടിലധികം മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനം വാടക രഹിതമായി കെട്ടിടം നൽകേണ്ടതില്ല. എന്നാൽ ഫർണിഷിംഗിനും അനുബന്ധ സാമഗ്രികൾക്കുമായി ഒരു ലക്ഷം രൂപ ഒടുക്കേണ്ടതുമാണ്. സപ്ലൈകോ ഔട്ട് ലെറ്റുകൾ അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04/02/2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 301/13/ത.സ്വ.ഭ.വ., 22/02/2019 ലെ സർക്കാർ ഉത്തരവ് (സാധാ) 386/2019/ ത.സ്വ.ഭ.വ., 10.03.2022 ലെ സർക്കാർ ഉത്തരവ് ( സാധാ )നമ്പർ 587/2022/ തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ് പ്രകാരമുള്ള ഉത്തരവുകളിലെ വ്യവസ്ഥകളാണ് ബാധകമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നം. | പഞ്ചായത്ത് | വിൽപ്പനശാല, സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 1 | പേരയം | പേരയം മാവേലി സ്റ്റോർ – പേരയം ജംഗ്ഷൻ |
| 2 | കുണ്ടറ | കുണ്ടറ മാവേലി സ്റ്റോർ – മുക്കട ജംഗ്ഷൻ ഏകദേശം 100 മീറ്റർ |
| 3 | ഇളനല്ലൂർ | കേരളപുരം മാവേലി സ്റ്റോർ – കേരളപുരം ജംഗ്ഷൻ |
| 4 | ഇളനല്ലൂർ | പെരുമ്പുഴ മാവേലി സ്റ്റോർ – പെരുമ്പുഴ ജംഗ്ഷൻ |
| 5 | നെടുമ്പന്ന | കുളപ്പാടം മാവേലി സ്റ്റോർ – കുളപ്പാടം ജംഗ്ഷൻ |
| 6 | കൊറ്റങ്കര | കുറ്റിച്ചിറ മാവേലി സ്റ്റോർ – കുറ്റിച്ചിറ ജംഗ്ഷൻ |

# അനുബന്ധം II

| ക്രമ നം. | പഞ്ചായത്ത് | വിൽപ്പനശാല, സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 1 | കുണ്ടറ | കുണ്ടറ സൂപ്പർ മാർക്കറ്റ് – കുണ്ടറ ആശുപത്രി മുക്ക് |
| 2 | | കുണ്ടറ മാവേലി സ്റ്റോർ – മുക്കട ജംഗ്ഷൻ ഏകദേശം 100 മീറ്റർ |
| 3 | | കുണ്ടറ മെഡിക്കൽ സ്റ്റോർ – ആശുപത്രി മുക്ക് |
| 4 | തൃക്കോവിൽവട്ടം | കണ്ണനല്ലൂർ സൂപ്പർ മാർക്കറ്റ് – ആശുപത്രി മുക്ക് |
| 5 | | ഡീസൻറ്മുക്ക് സൂപ്പർ മാർക്കറ്റ് – ഡീസൻറ് മുക്ക് ജംഗ്ഷൻ |
| 6 | പെരിനാട് | ചെറുമൂട് സൂപ്പർ മാർക്കറ്റ് – ചെറുമൂട് ജംഗ്ഷൻ |
| 7 | ഇളനല്ലൂർ | കേരളപുരം മാവേലി സ്റ്റോർ– കേരളപുരം ജംഗ്ഷൻ |
| 8 | | പെരുമ്പുഴ മാവേലി സ്റ്റോർ–പെരുമ്പുഴ ജംഗ്ഷൻ |
| 9 | കൊറ്റക്കര | കുറ്റിച്ചിറ മാവേലി സ്റ്റോർ –കുറ്റിച്ചിറ ജംഗ്ഷൻ |
| 10 | നെടുമ്പന | കുളപ്പാടം മാവേലി സ്റ്റോർ – കുളപ്പാടം ജംഗ്ഷൻ |
| 11 | പേരയം | പേരയം മാവേലി സ്റ്റോർ – പേരയം ജംഗ്ഷൻ |